**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2555** **04-03-2025 - ൽ മറുപടിയ്ക്ക്**

**പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഖാദി വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ പെരുങ്കടവിള പഞ്ചായത്തിൽ മാരായമുട്ടത്ത് പ്രവർത്തിച്ചിരുന്നതും നിലവിൽ പ്രവർത്തന രഹിതവുമായ പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ സി. ഐ. എൻ. ഡി. (ടി) 1 എന്ന സഹകരണ സംഘത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ. ഡി.(റ്റി)1, മാരായമുട്ടം (പി.ഒ) എന്ന സംഘം ഇപ്പോഴും പ്രവർത്തനരഹിതമാണ് |
| (ബി) | ആകെ എത്ര സെന്റ് സ്ഥലമാണ് പ്രസ്തുത സംഘത്തിന് ഉള്ളതെന്ന് അറിയിക്കുമോ; നിലവിൽ ഇതിന്റെ ഉടമസ്ഥത ആർക്കാണ്; പ്രസ്തുത സ്ഥലത്തിന്റെ പേരിൽ ബാധ്യതകളുണ്ടോ; എങ്കിൽ എത്ര രൂപയാണ് ബാധ്യതയെന്ന് അറിയിക്കുമോ; ബാധ്യതകളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംഘത്തിന് 9 (ഒമ്പത്) ആർ സ്ഥലം ഉണ്ട്. വസ്തുവിന്റെ ഉടമ സംഘം ആണ്. കേരള സഹകരണ നിയമപ്രകാരം ഈ സംഘത്തിന്റെ രജിസ്ട്രാർ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെക്രട്ടറിയാണ്. സ്ഥലം ജാമ്യമായി നൽകിക്കൊണ്ട് വായ്പയെടുത്തവകയിൽ സംഘത്തിന് ഖാദി ബോർഡിൽ ബാധ്യതയുണ്ട്. 28-02-2025 വരെയുള്ള ബാധ്യത 11,33,477/- രൂപയാണ് |
| (സി) | നിലവിൽ പ്രവർത്തന രഹിതമായ പ്രസ്തുത സംഘത്തിന്റെ പേരിലുള്ള ബാധ്യതകൾ ഒഴിവാക്കി സംഘത്തിന്റെ പേരിൽ റീസർവേ 645/2-ൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം മാരായമുട്ടം പൊലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്നതിന് നടപടി സ്വീകരിക്കാമോ; ഇതിലേയ്ക്കായി എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കുമോ? | (സി) | ആസ്തി കൈമാറ്റം നടത്തുന്നതിന് സഹകരണ ചട്ടം 13 അനുസരിച്ച് പതിനഞ്ച് ദിവസത്തെ നോട്ടീസ് നൽകി വിളിച്ചുചേർക്കുന്ന പൊതുയോഗത്തിൽ ഹാജരായി വോട്ടുചെയ്യപ്പെട്ട ആകെ അംഗങ്ങളുടെ മൂന്നിൽരണ്ട് ഭാഗം പേരുടെ പിന്തുണയോടെ പാസ്സാക്കിയാൽ മാത്രമേ ആസ്തി കൈമാറ്റം സംബന്ധിച്ച ഒരു തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.<br><br>സംഘത്തിന്റെ സ്ഥലം ബാധ്യതകൾ ഒന്നുമില്ലാതെ ആഭ്യന്തര വകുപ്പിന് കൈമാറുന്നതിന് നടപടിയെടുക്കാൻ നിർദ്ദേശിച്ചതിനെ തുടർന്ന് ടി സ്ഥലത്തിന്റെ ബാധ്യത തീർക്കുന്നതിന് ഖാദി ബോർഡിൽ നിന്നും പഞ്ചായത്തിന് കത്ത് നൽകിയിരുന്നു. പഞ്ചായത്ത് ടി തുക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടച്ച് തീർക്കുന്ന മുറയ്ക്കും പഞ്ചായത്ത് ചെലവിൽ ടി സ്ഥലത്ത് ഒരു |

| | | | |
|---|---|---|---|
| | | | ഖാദി ഉല്പാദന കേന്ദ്രം സ്ഥാപിച്ചു നൽകാമെന്ന വിഷയത്തിൽ തീർപ്പ് ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ വസ്തുകൈ മാറ്റം ചെയ്യുന്നതിന് NOC നൽകുവാൻ സാധിക്കുകയുള്ളൂ |

സെക്ഷൻ ഓഫീസർ